# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/23/2018 2018 ഫെബ്രുവരി 1

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (പുതിയ സ്കീം 2016 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും ഫെബ്രുവരി 5 മുതൽ 18 വരെ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ പുതുപ്പള്ളി, പാലാ, ഗാന്ധിനഗർ, പത്തനംതിട്ട, മണിമലക്കുന്ന്, നെടുങ്കണ്ടം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 ഡിസംബറിൽ നടത്തിയ ഒന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് (പഴയ സ്കീം 2009 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും ഫെബ്രുവരി 8 മുതൽ 10 വരെ സെന്റർ ഫോർ പ്രൊഫഷണൽ ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിന്റെ പാലാ, മണിമലക്കുന്ന്, നെടുങ്കണ്ടം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഏഴാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (റഗുലർ) ജനുവരി 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 12 മുതൽ 19 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. പ്ലാന്റ് ബയോടെക്നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. (മോഡൽ ഒന്ന് രണ്ട് മൂന്ന്, 2009, 2010, 2011, 2012 അഡ്മിഷൻ സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. (സി.ബി.സി.എസ്.എസ്. മോഡൽ ഒന്ന്, രണ്ട്, മൂന്ന് - 2013ന് മുമ്പുള്ള അഡ്മിഷൻ റീ അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 14 വരെ അപേക്ഷിക്കാം.

### ജർമ്മൻ ശാസ്ത്രജ്ഞയെ ആദരിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജർമ്മനിയിലെ പ്രശസ്ത പോളിമർ ഗവേഷകയും ശാസ്ത്രജ്ഞയുമായ പ്രൊഫ. പെട്രപോട്സ്ച്ചിക്കയെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നാനോ ചെയർ പ്രൊഫസർഷിപ്പ് നൽകി ആദരിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അദ്ധ്യക്ഷം വഹിച്ചു. പ്രൊഫ. പെട്ര 'നാനോ കമ്പോസിറ്റുകൾ' എന്ന വിഷയത്തിലും അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് നോർത്ത് ടെക്സാസ് പ്രൊഫസർ മായ പി. നായർ 'ഗവേഷണത്തിലെ ധാർമ്മിക സംഹിതകളുടെ ആവശ്യം' എന്ന വിഷയത്തിലും പ്രഭാഷണങ്ങൾ നടത്തി. നാനോ സയൻസ് പഠനകേന്ദ്രം ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, ഗവേഷക വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ നാനോ സയൻസ് പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജർമ്മനിയിലെ പ്രശസ്ത പോളിമർ ഗവേഷകയും ശാസ്ത്രജ്ഞയുമായ പ്രൊഫ. പെട്രപോട്സ്ച്ചിക്കയെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ നാനോ ചെയർ പ്രൊഫസർഷിപ്പ് നൽകി ആദരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**